LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം

7 (5412) ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങലുടെ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രവർത്തനം മന്ദീഭവിച്ച സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ;

(സി) സംഘങ്ങൾ ആവിഷ്ക്കരിക്കുന്ന പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ഡി) പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സഹകരണ വകുപ്പ് ധന. സഹായം നൽകുമോ ;

(ഇ) സഹകരണ സംഘങ്ങൾ ഇല്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനായി 2009-10 സാമ്പത്തിക വർഷത്തിൽ ഒരു പുതിയ ധന സഹായ പദ്ധതി നിലവിൽ വന്നു. ഇതിൽ നിന്നും 9 പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് 18 ലക്ഷം രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷത്തിൽ ഈ ഇനത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന് പുറമെ 2009-2010 സാമ്പത്തിക വർഷത്തിൽ സഹകരണ നവരത്നം കേരളീയം ലോട്ടറി ഫണ്ടിൽ നിന്നും 31 പ്രാഥമിക പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് തൊഴിലധിഷ്ഠിത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി ഒരു കോടി രൂപയും സംസ്ഥാന പട്ടികജാതി/പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷന് പഞ്ചകർമ്മ സെന്റർ ആരംഭിക്കുന്നതിനായി 45 ലക്ഷം രൂപയും പീഡിത സഹകരണ സംഘങ്ങൾക്കുള്ള പ്രത്യേക ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 55 പ്രാഥമിക പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് 250 ലക്ഷം രൂപയും വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി അനുവദിച്ചു. സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഓഹരി മൂലധനമായി 29 പട്ടിക ജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് 40.75 ലക്ഷം രൂപയും NCDC പദ്ധതി പ്രകാരം 9 പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് 37.23 ലക്ഷം രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതുകൂടാതെ റിവോൾവിംഗ്

ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 160 ലക്ഷം രൂപ പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിന് ഈ സാമ്പത്തിക വർഷം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2009-10 സാമ്പത്തിക വർഷത്തിൽ പീഡിത സഹകരണ സംഘങ്ങൾക്കുള്ള പ്രത്യേക ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഭാഗികമായി പ്രവർത്തിക്കുന്നതും പ്രവർത്തന മൂലധനത്തിന്റെ അഭാവത്തിൽ പ്രവർത്തനം മന്ദഗതിയിൽ ആയതുമായ സംഘങ്ങളെ തെരഞ്ഞെടുത്ത് 55 പ്രാഥമിക പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി, സബ്സിഡി വായ്പ എന്നീ ഇനങ്ങളിലായി 250 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി എറണാകുളത്ത് സംഘടിപ്പിച്ച ദ്വിദിന ശിൽപ്പശാലയിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി സംസ്ഥാന തലത്തിൽ സഹകരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി 9 അംഗ മോണിട്ടറിംഗ് കമ്മിറ്റിയും ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി 8 അംഗ ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിച്ച് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് തൊഴിലധിഷ്ഠിത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാണ് ധനസഹായം അനുവദിക്കുന്നത്. സംസ്ഥാന പദ്ധതി പ്രകാരം ഓഹരി, സബ്സിഡി എന്നിവ അനുവദിക്കുന്നതിന് നിയമാവലിയിൽ വ്യവസ്ഥ ഉണ്ടായിരിക്കണം. ഇതിനുപുറമെ സംഘം പ്രവർത്തനം അഴിമതിരഹിതവും സർക്കാർ കുടിശ്ശികയില്ലാത്തതുമായിരിക്കണം. സംഘത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയും ശമ്പളം പറ്റുന്ന സെക്രട്ടറിയും ഉണ്ടായിരിക്കണം. മേൽ പരാമർശിച്ച പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്ന സംഘങ്ങൾക്ക് ധനസഹായം അനുവദിച്ച് വരുന്നു. NCDC ധനസഹായത്തിന് മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് പുറമെ സംഘം പോസിറ്റീവ് നെറ്റ്വർക്കിൽ ഉള്ളവയായിരിക്കണമെന്ന് വ്യവസ്ഥയുണ്ട്.

(ഡി) പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. എന്നാൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സംഘങ്ങൾ ആവശ്യപ്പെടുന്ന പക്ഷം ജില്ലയിലെ അസിസ്റ്റന്റ് രജിസ്ട്രാർ (SC/ST) ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വാർഷിക പദ്ധതി അവലോകനയോഗങ്ങളിൽ സംഘം ഭാരവാഹികൾക്ക് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

(ഇ) സംസ്ഥാനത്തെ എല്ലാ താലൂക്കിലും പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly